(സി) ഇപ്പോൾ വെള്ളം ശുദ്ധീകരിച്ചു വിതരണം ചെയ്യുന്നതിനുണ്ടാകുന്ന പ്രതിലിറ്റർ ചെലവെത്രയെന്നും വരവ് എത്രയെന്നും അറിയിക്കാമോ ;

(ഡി) അടിസ്ഥാനാവശ്യമായ കുടിവെള്ളത്തിന്റെ വിതരണം വാണിജ്യവൽക്കരിച്ച് സർക്കാർ സേവനം ഇല്ലാതാക്കാൻ ലക്ഷ്യമിടുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കുടിവെള്ള ചാർജ്ജ് ബഡ്ജറ്റിലൂടെയല്ല വർദ്ധിപ്പിക്കാറുള്ളത്. കുടിവെള്ള ചാർജ്ജ് അവസാനമായി വർദ്ധിപ്പിച്ചത് 2008-ൽ ആണ്. റവന്യൂ വരവും ചെലവും തമ്മിലുള്ള അന്തരം വളരെയധികം വർദ്ധിച്ചതിനാലും വൈദ്യുതി ചാർജ്ജ്, അറ്റകുറ്റപ്പണി, രാസവസ്തുക്കളുടെ വിലവർദ്ധനവ് എന്നിവയിൽ വന്ന വർദ്ധനവ് കാരണവുമാണ് നിലവിൽ കുടിവെള്ള ചാർജ്ജ് വർദ്ധനവ് അനിവാര്യമായി വന്നത്.

(ബി) പുതുക്കിയ സ്ലാബ് ചുവടെ ചേർക്കുന്നു :

15 കി.ലി. മുതൽ 20 കി.ലി. വരെ - 35.11%

20 കി.ലി. മുതൽ 25 കി.ലി. വരെ - 49.18 %

25 കി.ലി. മുതൽ 30 കി.ലി. വരെ - 82.73 %

30 കി.ലി. മുതൽ 40 കി.ലി. വരെ - 109.59 %

40 കി.ലി. മുതൽ 50 കി.ലി. വരെ - 96. 27%

അധികമായി പ്രതിവർഷം ഏകദേശം 176 കോടി രൂപ പിരിക്കാനാണ് ലക്ഷ്യമിടുന്നത്. 31-3-2014 വരെ പിഴയും പിഴപ്പലിശയും ചേർന്ന് വെള്ളക്കര കുടിശ്ശിക 613.78 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്.

(സി) വെള്ളം ശുദ്ധീകരിക്കുന്നതിനുള്ള പ്രതിലിറ്റർ ചെലവ് 0.02 രൂപയാണ് (2 പൈസ). പ്രതിലിറ്റർ വരവ് 0.01 രൂപയാണ് (1 പൈസ).

(ഡി) സർക്കാർ ഇപ്രകാരം ലക്ഷ്യമിടുന്നില്ല.

ജലഗുണനിലവാര പരിശോധന നടത്താൻ പദ്ധതികൾ

204 (912) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജല ഗുണനിലവാര പരിശോധന നടത്താൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ; ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സംസ്ഥാനത്തെ ജല ഗുണനിലവാര പരിശോധനയ്ക്ക് വേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ 16 സബ് ഡിവിഷണൽ ലാബുകളും 14 ജില്ലാതല ലാബുകളും ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധീകരണശാലയിൽ ശുദ്ധീകരിച്ച് അണുവിമുക്തമാക്കി ഗുണനിലവാരം ഉറപ്പുവരുത്തിയശേഷം മാത്രമാണ് വിതരണം ചെയ്യുന്നത്. ഇതിന് പുറമേ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർ ക്വാളിറ്റിയുടെ കീഴിലുള്ള ഉദ്യോഗസ്ഥർ വിവിധ കുടിവെള്ള വിതരണ സ്കീമുകളിൽ നടത്തുന്ന പരിശോധനയുടെ ഭാഗമായി കുടിവെള്ള സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു. പൊതുജനങ്ങൾ മുഖ്യമായും ആശ്രയിക്കുന്ന കിണറുകൾ മുതലായ കുടിവെള്ള സ്രോതസ്സുകളിലെ ജലപരിശോധനയും മേൽപ്പറഞ്ഞ ലാബുകളിൽ നടത്തിവരുന്നു. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ മിനിസ്ട്രി ഓഫ് ഡ്രിങ്കിംഗ് വാട്ടർ സാന്റ് സാനിട്ടേഷൻ (MDWS) അനുശാസിക്കുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരത്തിനുള്ള മാർഗ്ഗരേഖപ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം (NRDWP)-യുടെ ധനസഹായത്തോടെ പുതുതായി 19 ജലഗുണനിലവാര പരിശോധനാ സബ് ഡിവിഷൻ ലാബുകൾ തുടങ്ങുന്നതിനുള്ള സജ്ജീകരണങ്ങൾ പൂർത്തീകരിക്കുകയും ഇതിൽ 15 ലാബുകൾ 2014 ഫെബ്രുവരി 16 മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വൈക്കം സബ്ഡിവിഷണൽ ലാബ് കൂടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജനസംഖ്യയിൽ 200 പേർക്ക് ഒരു കുടിവെള്ള സാമ്പിൾ എന്ന കണക്കിൽ ഗുണനിലവാര പരിശോധന നടത്തുന്നതിന് വേണ്ടി 31 പുതിയ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷണൽ ലാബുകൾ തുടങ്ങുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ ലാബുകളിലെല്ലാം ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ് നമ്പർ 10500-(2012) നിഷ്കർഷിക്കുന്ന രീതിയുടെ അടിസ്ഥാനത്തിലാണ് ഗുണനിലവാര പരിശോധന നടത്തുന്നത്. മേൽപ്പറഞ്ഞവ കൂടാതെ കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം കേന്ദ്രമാക്കി പുതിയ മൂന്ന് മൊബൈൽ ലാബുകൾ തുടങ്ങുന്നതിനുള്ള പ്രവർത്തനം അവസാനഘട്ടത്തിലാണ്. മേൽപ്പറഞ്ഞ പ്രകാരം നടത്തുന്ന ഗുണനിലവാര പരിശോധനയിൽ, ചില ജല സാമ്പിളുകളിൽ കാണപ്പെടുന്ന മാലിന്യത്തിന്റെയും കോളിഫോമിന്റെയും സാന്നിദ്ധ്യം യഥാസമയം

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട വാട്ടർ അതോറിറ്റിയുടെയും മറ്റ് സ്ഥാപനങ്ങളുടെയും ഉദ്യോഗസ്ഥരെയും അധികാരികളെയും അറിയിച്ചുവരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ NRDWP-ൽ ഉൾപ്പെടുത്തി കേരളത്തിലെ 44 നദികളെയും 126 നിർദ്ദിഷ്ട പോയിന്റുകളിലെ ജല സാമ്പിളുകളുടെ ഗുണനിലവാര പരിശോധനയും പ്രസ്തുത ലാബുകളിൽ നടത്തി വരുന്നുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്. ഇത്തരം ലാബുകൾക്ക് വേണ്ടിയുള്ള ഉപകരണങ്ങളും കെമിക്കൽസും മറ്റനേക സാധനങ്ങളും വാങ്ങുന്നതിനുവേണ്ടി ഒരു ലാബിന് 6.24 ലക്ഷം രൂപയുടെ ധനസഹായം കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കുന്നുണ്ട്. ഇതിനുപുറമേ ഇത്തരം ലാബുകൾ സജ്ജീകരിക്കുന്നതിനുള്ള ഇൻഫ്രാസ്ട്രക്ചറിനു വേണ്ടിവരുന്ന ധനസഹായം സംസ്ഥാന സർക്കാർ നൽകിവരുന്നു.

ദേശീയ ഗ്രാമീണ കുടിവെള്ള ശുചിത്വ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡവല്മെന്റ് യൂണിറ്റ് സംസ്ഥാനത്തെ വിവിധ ജില്ലകളിലെ ഗ്രാമീണ മേഖലകളിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയും പ്രശ്ന പരിഹാരത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ജലത്തിന്റെ ഗുണനിലവാര പരിശോധനയ്ക്കായി ഭൂജല വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ അനലിറ്റിക്കൽ ലാബുകൾ പ്രവർത്തിച്ചുവരുന്നു. ഭൂജലവകുപ്പിൻ കീഴിലുള്ള 871 നിരീക്ഷണ കിണറുകളിൽനിന്നും നിശ്ചിത ഇടവേളകളിൽ ജലത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാരപരിശോധന നടത്തി പഠനം നടത്തിവരുന്നു. ഇതുകൂടാതെ സ്വകാര്യ വ്യക്തികളുടെ സ്ഥാപനങ്ങളും ആവശ്യപ്പെടുന്നമുറയ്ക്ക് ജലസാമ്പിളുകൾ പരിശോധന നടത്തി റിപ്പോർട്ട് നൽകുന്നുണ്ട്. ജലത്തിന്റെ ഗുണനിലവാരത്തെ സംബന്ധിച്ചുള്ള പരാതികളിന്മേൽ വിശദ പഠനം നടത്തി റിപ്പോർട്ടുകൾ നൽകിവരുന്നു. ഇത് കൂടാതെ കേരളത്തിലെ കിണറുകളിലെ ജലത്തിന്റെ ഗുണനിലവാരം പഠിക്കുന്നതിനു വേണ്ടി ലോക ബാങ്ക് സഹായത്തോടെയുള്ള ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ സമഗ്രമായ പഠനം ഭൂജല വകുപ്പ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈഡ്രോളജി, ബെൽഗാമുമായി സംയുക്തമായി നടത്തുകയും അതിന്റെ അന്തിമ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.